# മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ, 2010

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

ചിന്നക്കനാൽ, കണ്ണൻദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൻവാലി എന്നീ വില്ലേജുകൾ ഉൾപ്പെടുന്ന മൂന്നാർ പ്രദേശത്തെ ഭൂമിയെ സംബന്ധിച്ച തർക്കങ്ങൾ തീർപ്പുകൽപ്പിക്കുന്നതിന് വേണ്ടി ഒരു പ്രത്യേക ട്രൈബ്യൂണൽ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—ചിന്നക്കനാൽ, കണ്ണൻദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൻവാലി എന്നീ വില്ലേജുകൾ ഉൾപ്പെടുന്ന മൂന്നാർ പ്രദേശത്തെ ഭൂമിയെ സംബന്ധിച്ച് വിവിധ കോടതികളിലും മറ്റ് അധികാരസ്ഥാനങ്ങളിലും തീർപ്പാകാതെ നിലനിൽക്കുന്ന തർക്കങ്ങൾ ട്രൈബ്യൂണലിലേക്ക് കൈമാറ്റം ചെയ്തുകൊണ്ട് തർക്കങ്ങൾക്ക് തീർപ്പ് കൽപ്പിക്കുന്നതിനായി ഒരു പ്രത്യേക ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാലും ;

മൂന്നാർ പ്രദേശത്തെ ഭൂമി സംരക്ഷിക്കപ്പെടേണ്ടുന്ന സസ്യജന്തുജാലങ്ങളാൽ സംപുഷ്ടമായതിനാലും ;

മൂന്നാർ പ്രദേശത്തെ ഭൂമിയിൽ വൻതോതിലുള്ള കയ്യേറ്റവും ഭൂമിയുടെ പരിവർത്തനവും പതിച്ചുകൊടുത്ത ആവശ്യങ്ങൾക്കല്ലാതെയുള്ള ആവശ്യങ്ങൾക്കായി ഭൂമി ഉപയോഗിക്കുന്നതും മൂന്നാർ പ്രദേശത്തെ ഭൂമിയുടെയും മറ്റ് പ്രകൃതി വിഭവങ്ങളുടെയും വിവേചനരഹിതമായ ചൂഷണവും ഉണ്ടായിട്ടുള്ളതിനാലും ;

മൂന്നാർ പ്രദേശത്തോ അതിൻമേലോ ഉള്ള കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനും അനധികൃതമായതോ നിയമാനുസൃതമല്ലാത്തതോ ആയ നിർമ്മാണങ്ങളോ മറ്റ് കെട്ടിടങ്ങളോ പൊളിച്ചുമാറ്റുന്നതിനും വിവിധ നിയമങ്ങൾക്കുകീഴിൽ സർക്കാർ നടപടികൾ എടുത്തിട്ടുള്ളതിനാലും ;

കേരള ഹൈക്കോടതി ഉൾപ്പെടെയുള്ള കോടതികളിലും വിവിധ അധികാരസ്ഥാനങ്ങളിലും അനേകം വ്യവഹാരങ്ങളും തർക്കങ്ങളും തീർപ്പാകാതെ നിലനിൽക്കുന്നതിനാലും ;

തർക്കങ്ങളിൽ കൂടുതലും രേഖകളുടെ വിശദമായ പരിശോധനയും തെളിവ് നൽകലും വേണ്ടിവരുന്ന വസ്തുതാപരമായ തർക്കങ്ങൾ ആകയാലും ;

ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ അന്തിമ തീരുമാനം എടുക്കുന്നതിനുവേണ്ടി ഒരു പ്രത്യേക ട്രൈബ്യൂണൽ രൂപീകരിച്ചുകൊണ്ട് ഈ എല്ലാ തർക്കങ്ങളിലും അവസാനമായി തീർപ്പു കൽപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നതിനാലും ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊന്നാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ആക്റ്റ്, 2010 എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് 2010 ജൂൺ 14-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അധികാരസ്ഥാനം" എന്നാൽ മൂന്നാർ പ്രദേശത്തെ തർക്കങ്ങൾ തീർപ്പാക്കുന്നതിന് സർക്കാർ രൂപീകരിച്ചിട്ടുള്ള അധികാരസ്ഥാനങ്ങൾ എന്നർത്ഥമാകുന്നതും അതിൽ ഏതൊരു സർക്കാർ ഉദ്യോഗസ്ഥന്റെ മുൻപിലാണോ മൂന്നാർ പ്രദേശവുമായി ബന്ധപ്പെട്ട തർക്കങ്ങൾ തീർപ്പാകാതെ നിലനിൽക്കുന്നത് അങ്ങനെയുള്ള ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നതുമാകുന്നു ;

(ബി) "ചെയർമാൻ" എന്നാൽ ട്രൈബ്യൂണലിന്റെ ചെയർമാൻ എന്നർത്ഥമാകുന്നു ;

(സി) "കോടതി" എന്നാൽ കേരള സംസ്ഥാനത്തിലെ സിവിൽ കോടതികൾ എന്നർത്ഥമാകുന്നു ;

(ഡി) "തർക്കം" എന്നാൽ മൂന്നാർ പ്രദേശത്തെ ഭൂമിയിൻമേലോ ഭൂമിയുമായി ബന്ധപ്പെട്ടതോ ആയ ഉടമസ്ഥാവകാശമോ കൈവശാവകാശമോ ഉപയോഗമോ മറ്റേതെങ്കിലും അവകാശമോ അതുപോലെതന്നെ അങ്ങനെയുള്ള പ്രദേശത്തെ എല്ലാ നിർമ്മാണങ്ങളും ഭൂമിയുടെ മറ്റു ഉപയോഗങ്ങളും സംബന്ധിച്ച് ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ കോടതികളുടെയോ മുമ്പാകെ തീർപ്പാകാതെ കിടക്കുന്ന എല്ലാ തർക്കങ്ങളും എന്നർത്ഥമാകുന്നു ;

(ഇ) "ഹൈക്കോടതി" എന്നാൽ കേരളാ ഹൈക്കോടതി എന്നർത്ഥമാകുന്നു ;

(എഫ്) "അംഗം" എന്നാൽ ട്രൈബ്യൂണലിലെ അംഗം എന്നർത്ഥമാകുന്നു ;

(ജി) "മൂന്നാർ പ്രദേശം" എന്നാൽ ഇടുക്കി ജില്ലയിലെ ദേവികുളം, ഉടുമ്പൻചോല എന്നീ താലൂക്കുകളിലെ ചിന്നക്കനാൽ, കണ്ണൻദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൻവാലി എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്ന മുഴുവൻ ഭൂമിയും എന്നർത്ഥമാകുന്നു ;

(എച്ച്) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(ഐ) "നിർണ്ണയിക്കപ്പെട്ടത്" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു ;

(ജെ) "ട്രൈബ്യൂണൽ" എന്നാൽ ഈ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച പ്രത്യേക ട്രൈബ്യൂണൽ എന്നർത്ഥമാകുന്നു.

3. ട്രൈബ്യൂണലിന്റെ രൂപീകരണവും അതിന്റെ ഘടനയും ചുമതലകളും.—(1) സർക്കാർ, വിജ്ഞാപനംമൂലം, ഈ ആക്റ്റിൻകീഴിലുള്ള അധികാരങ്ങളും ചുമതലകളും വിനിയോഗിക്കുന്നതിനായി 'മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ' എന്ന പേരിൽ ഒരു ട്രൈബ്യൂണൽ രൂപീകരിക്കേണ്ടതാണ്.

(2) ട്രൈബ്യൂണലിൽ മൂന്ന് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അതിൽ ഒരാൾ ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ച് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ജില്ലാ ജഡ്ജി ആയിരിക്കേണ്ടതും, ആ വ്യക്തി ട്രൈബ്യൂണലിന്റെ ചെയർമാൻ ആയിരിക്കേണ്ടതുമാണ്.

(3) ട്രൈബ്യൂണലിലെ മറ്റ് രണ്ട് അംഗങ്ങളെയും സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും അതിൽ ഒരംഗം ജില്ലാ ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ള ആളായിരിക്കേണ്ടതും മറ്റേ അംഗം ജില്ലാ ജഡ്ജിയായി സർവ്വീസിൽ നിന്നും വിരമിച്ച ഒരാളായിരിക്കേണ്ടതുമാണ്.

(4) ചെയർമാനും മറ്റ് അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും മറ്റ് നിബന്ധനകളും ഉപാധികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(5) ചെയർമാനെയും മറ്റ് അംഗങ്ങളെയും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയുടെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന പബ്ലിക് സർവന്റുമാരായി കണക്കാക്കപ്പെടുന്നതാണ്.

(6) സർക്കാർ, ചെയർമാനുമായി കൂടിയാലോചിച്ച്, ട്രൈബ്യൂണലിന് അതിന്റെ ചുമതലകൾ നിർവ്വഹിക്കുവാൻ സഹായിക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും ഏത് തരത്തിലും വിഭാഗത്തിലും ഉള്ളവരായിരിക്കണം എന്ന് നിശ്ചയിക്കേണ്ടതും അങ്ങനെയുള്ള ഉദ്യോഗസ്ഥരേയും മറ്റ് ജീവനക്കാരേയും ട്രൈബ്യൂണലിന് നൽകേണ്ടതുമാണ്.

(7) ഉദ്യോഗസ്ഥരുടേയും മറ്റ് ജീവനക്കാരുടേയും ശമ്പളവും ബത്തകളും സേവനവ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

(8) ട്രൈബ്യൂണലിന്റെ പ്രവർത്തനത്തിനുവേണ്ട ധനപരവും ഭരണപരവുമായ അധികാരങ്ങൾ ചെയർമാൻ വിനിയോഗിക്കുകയോ ആയത് നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾ പ്രകാരം ഏൽപ്പിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

"(9) ഈ ആക്ടിൽ മറ്റു വിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, മൂന്നാർ പ്രദേശത്തെ സംബന്ധിച്ച് ട്രൈബ്യൂണലിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന എല്ലാ വ്യവഹാരങ്ങളും തർക്കങ്ങളും അതുമായി ബന്ധപ്പെട്ടതോ

അതിന് ആനുഷംഗികമായതോ ആയ സംഗതികളും ട്രൈബ്യൂണൽ വിചാരണയും ന്യായനിർണ്ണയവും നടത്തേണ്ടതും ; അപ്രകാരം വിചാരണയോ ന്യായനിർണ്ണയമോ നടത്തുന്നതിന് അധികാരികതയുള്ള ഏതൊരു സിവിൽ കോടതിയും വിനിയോഗിക്കുന്ന എല്ലാ അധികാരങ്ങളും അധികാരശക്തിയും ഉണ്ടായിരിക്കുന്നതുമാണ്. ”

(10) ചെയർമാനോ, ചെയർമാൻ ഇതിലേക്കായി അധികാരപ്പെടുത്തുന്ന മറ്റ് ഏതെങ്കിലും അംഗത്തിനോ ചെയർമാൻ ഭരമേൽപ്പിച്ച കേസ്സുകൾ കേൾക്കുവാൻ ഒറ്റയ്ക്ക് സിറ്റിംഗ് നടത്തുന്നതിനും ട്രൈബ്യൂണലിന്റെ അധികാരിതയും ചുമതലകളും അധികാരങ്ങളും വിനിയോഗിക്കുന്നതിനും ക്ഷമതയുണ്ടായിരിക്കുന്നതാണ്.

4. ട്രൈബ്യൂണലിലേക്ക് തർക്കങ്ങൾ കൈമാറ്റം ചെയ്യൽ.—തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഉത്തരവിലോ വിധിന്യായത്തിലോ വിധിയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഹൈക്കോടതിയും സുപ്രീംകോടതിയും ഒഴികെയുള്ള ഏതെങ്കിലും കോടതിയുടെയോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ മുമ്പാകെ നിലവിലിരിക്കുന്ന മൂന്നാർ പ്രദേശത്തെ സംബന്ധിക്കുന്ന എല്ലാ തർക്കങ്ങളും ഈ ആക്റ്റ് പ്രകാരം ട്രൈബ്യൂണൽ രൂപീകരിച്ചാലുടൻതന്നെ ട്രൈബ്യൂണലിലേക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.

5. ട്രൈബ്യൂണലിലേക്ക് കേസ്സുകൾ റഫർ ചെയ്യാനുള്ള ഹൈക്കോടതിയുടെ അധികാരം.—(1) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഉത്തരവിലോ വിധിന്യായത്തിലോ വിധിയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും മൂന്നാർ പ്രദേശത്തെ സംബന്ധിച്ച്, ഹൈക്കോടതിയുടെ മുമ്പാകെ നിലവിലിരിക്കുന്ന ഏത് വ്യവഹാരവും, ഈ ആക്റ്റ് പ്രകാരം ന്യായനിർണ്ണയം ചെയ്യുവാൻ അധികാരപ്പെടുത്ത പ്പെട്ട ട്രൈബ്യൂണലിലേക്ക് അന്തിമവിധിക്കായി, റഫർ ചെയ്യുന്നതിന് ഹൈക്കോടതിക്ക് ക്ഷമതയുണ്ടായിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള റഫറൻസിൽ ട്രൈബ്യൂണലിന് നടപടികളുമായി മുന്നോട്ടു പോകാവുന്നതും ഈ ആക്റ്റ് പ്രകാരം ഉത്തരവുകൾ പാസ്സാക്കാവുന്നതും അവ അന്തിമമായിരിക്കുന്നതുമാണ്.

6. ട്രൈബ്യൂണലിന് റഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തിന് വിധേയമായി, ട്രൈബ്യൂണലിന് അതിന്റെ നടപടിക്രമം ക്രമീകരിക്കുന്ന ആവശ്യത്തിലേക്കായി ഈ ആക്റ്റിലെ വ്യവസ്ഥകളുമായും അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുമായും പൊരുത്തപ്പെടുന്ന റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

7. ട്രൈബ്യൂണലിന്റെ അധികാരം.—ട്രൈബ്യൂണലിന് ഈ ആക്റ്റിനാലോ അതിൻകീഴിലോ നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും അധികാരം വിനിയോഗിക്കേണ്ടുന്ന ആവശ്യത്തിലേക്കായി, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം ഒരു സിവിൽ കോടതി വിചാരണ ചെയ്യുമ്പോഴുള്ള അധികാരങ്ങൾ ഇനി പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളെയും ഹാജരാകുവാൻ നിർബന്ധിക്കുകയും അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുകയും ചെയ്യുക ;

(ബി) രേഖകൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുക ;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുക ;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടിയോ പ്രാദേശിക അന്വേഷണത്തിനുവേണ്ടിയോ കമ്മീഷനെ നിയോഗിക്കുക ;

(ഇ) ഏതെങ്കിലും തീരുമാനം എടുക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും വസ്തുവിന്റെയോ സാധനത്തിന്റെയോ പരിശോധന ;

(എഫ്) ഏതെങ്കിലും കോടതിയിൽനിന്നോ ആഫീസിൽനിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുക ;

(ജി) നിർണ്ണയിക്കപ്പെടാവുന്ന മറ്റ് ഏതെങ്കിലും കാര്യം.

8. നടപടിക്രമങ്ങൾ നീതിന്യായ നടപടികളായി കരുതപ്പെടേണ്ടതാണെന്ന്.—ട്രൈബ്യൂണലിന്റെ മുമ്പാകെയുള്ള എല്ലാ നടപടിക്രമങ്ങളും ഇന്ത്യൻ ശിക്ഷാനിയമ സംഹിതയുടെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 193-ഉം 219-ഉം 228-ഉം വകുപ്പുകളുടെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന നീതിന്യായ നടപടികളായി കരുതപ്പെടേണ്ടതാണ്.

9. അപ്പീലുകൾ.—(1) ട്രൈബ്യൂണൽ പാസ്സാക്കിയ തീരുമാനത്തെ എതിർക്കുന്ന സർക്കാരിന് അല്ലെങ്കിൽ ഏതെങ്കിലും ആളിന് ആ തീരുമാനത്തിന്റെ തീയതിമുതൽ അറുപതു ദിവസത്തിനകം പ്രസ്തുത തീരുമാനത്തിനെതിരെ ഹൈക്കോടതി മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ് :

എന്നാൽ (1)-ാം ഉപവകുപ്പുപ്രകാരമുള്ള അപ്പീലിൽ സാരവത്തായ ഒരു നിയമപ്രശ്നം ഉൾപ്പെടുന്നുണ്ടെങ്കിൽ മാത്രം ഹൈക്കോടതി സ്വീകരിക്കേണ്ടതും വസ്തുതകളുടെ മാത്രം അടിസ്ഥാനത്തിലുള്ള ഒരു അപ്പീൽ സ്വീകരിക്കേണ്ടതല്ലാത്തതുമാണ്.

(2) അപ്പീൽ നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ ആയിരിക്കേണ്ടതും സത്യബോധപ്പെടുത്തിയിരിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന ഫീസോടുകൂടിയതും ആയിരിക്കേണ്ടതുമാണ്.

10. സിവിൽ കോടതിയുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റിൽ മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ ട്രൈബ്യൂണൽ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നമോ നിശ്ചയിക്കേണ്ടതായ ഏതെങ്കിലും സംഗതിയോ തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ തീർപ്പുകൽപ്പിക്കുവാനോ യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

11. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി, ആക്റ്റിലെ വ്യവസ്ഥകളുമായി പൊരുത്തപ്പെടുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും ഇനി പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി അങ്ങനെയുള്ള ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) നിർണ്ണയിക്കപ്പെടുന്നതിന് ഈ ആക്റ്റ് പ്രകടമായി ആവശ്യപ്പെടുകയോ അനുവദിക്കുകയോ ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങൾക്കും ; കൂടാതെ

(ബി) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യത്തിനും.

(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കി യതിനുശേഷം, കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, നിയമസഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാലു ദിവസത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു ; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

12. ട്രൈബ്യൂണലിന്റെ പ്രവർത്തനം നിർത്തലാക്കൽ.—(1) ഈ ആക്റ്റ് പ്രകാരം ട്രൈബ്യൂണലിലേക്ക് കൈമാറ്റം ചെയ്തതോ റഫർ ചെയ്തതോ ആയ എല്ലാ തർക്കങ്ങളും അന്തിമമായി തീർപ്പാക്കപ്പെട്ടിട്ടുണ്ടെന്നും ട്രൈബ്യൂണലിന്റെ പ്രവർത്തനം ഇനി മേൽ ആവശ്യമില്ലെന്നും സർക്കാരിന് ബോദ്ധ്യമാകുന്നപക്ഷം വിജ്ഞാപനംമുഖേന ട്രൈബ്യൂണലിന്റെ പ്രവർത്തനം നിർത്തലാക്കിയതായി ഉത്തരവ് പുറപ്പെടുവിക്കാവുന്നതും അതോടുകൂടി ട്രൈബ്യൂണലിന്റെ പ്രവർത്തനം അവസാനിക്കുകയും അങ്ങനെയുള്ള സംഗതിയിൽ വിജ്ഞാപനത്തിന്റെ തീയതിമുതൽ അത് പിരിച്ചുവിടപ്പെട്ടതായി കരുതപ്പെടേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നിർത്തലാക്കലോടുകൂടി ട്രൈബ്യൂണലിന്റെ എല്ലാ രേഖകളും വസ്തുക്കളും ബന്ധപ്പെട്ട കോടതിയിലേക്കോ അധികാരസ്ഥാനത്തിലേക്കോ അയച്ചുകൊടുക്കേണ്ടതും അങ്ങനെയുള്ള രേഖകൾ പ്രസ്തുത കോടതിയുടെയോ അധികാരസ്ഥാനത്തിന്റെയോ രേഖകളുടെ ഭാഗമാണെന്ന് കരുതപ്പെടേണ്ടതുമാണ്.

13. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സംസ്ഥാന സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവിലൂടെ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതും വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യവും യുക്തവുമാണെന്നു കരുതുന്ന വ്യവസ്ഥകൾ ഉണ്ടാക്കുകയോ അങ്ങനെയുള്ള നടപടികൾ എടുക്കുകയോ ചെയ്യാവുന്നതാണ് :

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ തീയതിമുതൽ രണ്ടു വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഏതൊരു ഉത്തരവും അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്ര വേഗത്തിൽ, നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

14. റദ്ദാക്കലും ഒഴിവാക്കലും.—(1) മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ഓർഡിനൻസ്, 2010 (2010-ലെ 27) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്.